I/78277/2023

YEARS OF CELEBRATING THE MAHATMA

Break the chain

**സാമൂഹിക നീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ :എം അഞ്ജന IAS)**

തിരുവനന്തപുരം

ഉത്തരവ് നം: **SJD/2640/2022-G5** തീയതി: **28-01-2023**

---

വിഷയം :- സാമൂഹിക നീതി വകുപ്പ് – വയോപോഷണം പദ്ധതി 2022-23- ഫുഡ്കിറ്റ് വിതരണം - ഇടുക്കി, എറണാകുളം ജില്ലകൾക്ക് അധിക ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സാമൂഹിക നീതി ഡയറക്ടറുടെ **05.07.2022** ലെ മേൽ നം. ഉത്തരവ്.

2. എറണാകുളം ജില്ലാ സാമൂഹിക നീതി ഓഫീസറുടെ **16.11.2022** ലെ എസ് ജെ **2-1601/22** നം കത്ത്.

3. ഇടുക്കി ജില്ലാ സാമൂഹികനീതി ഓഫീസറുടെ **30.12.2022** ലെ **SJD/IDK/DSJO/141/2021-A2** നം കത്ത്.

മുതിർന്നപൗരൻമാരുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി വയോജനങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹികനീതിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "വയോപോഷണം". മുതിർന്നപൗരന്മാർക്ക് ഒരു ന്യൂട്രിഷണൽ സപ്പോർട്ട് എന്നനിലയിൽ പോഷകങ്ങൾ പ്രദാനംചെയ്യുവാൻകഴിയുന്ന സ്റ്റേറ്റ് ന്യൂട്രിഷൻ ബോർഡ് ശുപാർശചെയ്തിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ അടങ്ങിയ ഫുഡ്കിറ്റ് വിതരണം ചെയ്യുക എന്നതാണ് പദ്ധതി വിഭാവനംചെയ്യുന്നത്. മുതിർന്നപൗരന്മാർക്ക് വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ കുറക്കുന്നതിനും ആരോഗ്യംനിലനിർത്തുന്നതിനുമായി ഉപയോഗിക്കുവാൻകഴിയുന്ന തരത്തിലുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടുത്തിയാണ് ഫുഡ്കിറ്റ് തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതിയിലുൾപ്പെടുത്തി ഫുഡ്കിറ്റ് വിതരണം നടത്തുന്നതിന് ജില്ലകൾക്ക് പരാമർശം (1) പ്രകാരം ഫണ്ട് അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ **93** ഗുണഭോക്തക്കൾക്കു് ഫുഡ്കിറ്റ് വിതരണത്തിന് **1,67,913/രൂപയും**, ഇടുക്കിജില്ലയിൽ **98** ഗുണഭോക്താക്കൾക്ക് ഫുഡ് കിറ്റ് വിതരണത്തിന് **1,76,618/രൂപയും** അനുവദിച്ചു നൽകിയിരുന്നു. എറണാകുളം ജില്ലയിൽ 93 ഗുണഭോക്താക്കൾക്കും കിറ്റ് വിതരണംചെയ്ത് കഴിഞ്ഞതായും ആയതിലേക്കായി **1,38,574/രൂപ** ചെലവഴിച്ചതായും, സായംപ്രഭഹോമിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ചതുമായി **51 പേരുടെ ലിസ്റ്റ്കൂടി ലഭ്യമായിട്ടുണ്ടെന്നും ടി 51 പേർക്കുകൂടി ഫുഡ്കിറ്റ് വിതരണം നടത്തുന്നതിന്** തുക അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം എറണാകുളം ജില്ലാ സാമൂഹികനീതി ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

SJD/2640/2022-G5

I/78277/2023

ഇടുക്കിജില്ലയിലെ ഗുണഭോക്താക്കൾക്ക് ഫുഡ്കിറ്റ് വിതരണം നടത്തിയിട്ടുള്ളതായും ആയതിലേക്കായി **1,50,135/രൂപ** ചെലവഴിച്ചിട്ടുള്ളതായും, സായംപ്രഭഹോമിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമായ 97 പേരുടെ ലിസ്റ്റ്കൂടി ലഭ്യമായിട്ടുണ്ടെന്നും, ടി 97 **പേർക്ക്കൂടി ഫുഡ്കിറ്റ് വിതരണത്തിനുള്ള** തുക അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം ഇടുക്കി ജില്ലാ സാമൂഹികനീതി ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വയോപോഷണം പദ്ധതിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ 51 ഗുണഭോക്താക്കൾക്കും, ഇടുക്കി ജില്ലയിലെ 97 ഗുണഭോക്താക്കൾക്കും ഫുഡ്കിറ്റ് വിതരണം നടത്തുന്നതിന് ചുവടെ പറയും പ്രകാരം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജില്ല | ഗുണഭോക്തക്കളുടെ എണ്ണം | കിറ്റിന് ആശ്യമായതുക | 05.07.22 ലെ ഉത്തരവ് പ്രകാരം അനുവദിച്ച തുകയിൽ മിച്ചമുള്ള തുക | ഫുഡ്കിറ്റ് വിതരണത്തിന് അനുവദിക്കുന്ന തുക. |
|---|---|---|---|---|---|
| 1 | **എറണാകുളം** | 51 | ₹88,791/- | ₹29,339 | **₹ 59,452/-** |
| 2 | **ഇടുക്കി** | 97 | ₹1,68,877/- | ₹26,483/- | **₹ 1,42,394/** |
| | **ആകെ** | 148 | ₹2,57,668/- | ₹55,822 | **₹ 2,01,846** |

എറണാകുളം, ഇടുക്കി ജില്ലകളിലെ ഫുഡ്കിറ്റ് വിതരണത്തിന് ആവശ്യമായ **2,01,846/-രൂപ (രണ്ട് ലക്ഷത്തി ആയിരത്തി എണ്ണൂറ്റി നാൽപത്തിയാറ് രൂപ മാത്രം)** നടപ്പുസാമ്പത്തികവർഷത്തിലെ **2235-02-104-82(പി)** ശീർഷകത്തിൽനിന്നും വിനിയോഗിക്കുന്നതിനും അനുമതിനൽകുന്നു.

ബന്ധപ്പെട്ട ജില്ലാസാമൂഹികനീതി ഓഫീസർമാർ കിറ്റുകൾ സപ്ലൈകോയിൽനിന്നുംവാങ്ങി വിതരണം ചെയ്യേണ്ടതും, ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഈകാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. വയോപോഷണം പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ഫുഡ്കിറ്റ് ലഭ്യമായിട്ടുണ്ടെന്ന് ജില്ലാ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

M. ANJANA IAS

**സാമൂഹിക നീതി ഡയറക്ടർ**

SJD/2640/2022-G5

I/78277/2023

ജില്ലാ സാമൂഹികനീതി ഓഫീസർ

എറണാകുളം / ഇടുക്കി

<u>പകർപ്പ് :</u>

1. സൂപ്രണ്ട്, എ , ബി സെക്ഷൻ (തുക അനുവദിക്കുന്നതിന്)
2. സബ് ട്രഷറി ഓഫീസർ , വികാസ്ഭവൻ
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**